പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3962

21.06.2019 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## വീടുകൾ നഷ്ടപ്പെട്ടവർക്ക് സഹകരണ മേഖലയുടെ സംഭാവന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) | |
| എ) | മഹാപ്രളയത്തെ തുടർന്ന് വീടുകൾ നഷ്ടപ്പെട്ടവർക്ക് പുതിയ വീട് നിർമ്മിച്ച് നൽകുന്നതിന് സഹകരണ മേഖല എന്ത് സംഭാവനയാണ് നൽകിയിട്ടുള്ളത്; | എ) | മഹാപ്രളയത്തെ തുടർന്ന് വീടുകൾ നഷ്ടപ്പെട്ടവർക്ക് പുതിയ വീട് നിർമ്മിച്ചു നൽകുന്നതിന് സഹകരണ വകുപ്പ് കെയർഹോം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ ആദ്യഘട്ടത്തിൽ 2040 വീടുകളാണ് നിർമ്മിച്ചു നൽകുന്നത്. 789 സഹകരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാണ് വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. തുക സംഭാവനയായി നൽകാൻ കഴിവുള്ള 3032 സഹകരണ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച 44,98,12,052/- രൂപയുടെ ചെക്കുകൾ സി.എം.ഡി.ആർ.എഫ് ലേയ്ക്ക് നൽകുകയും പദ്ധതിയിൽ വിനിയോഗിക്കുന്നതിനായി ടി തുക സർക്കാർ തിരികെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ വകുപ്പിന്റെ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിൽ നിന്നുള്ള 35 കോടി രൂപയും സംഘങ്ങളിലെ അംഗങ്ങൾക്ക് നൽകേണ്ട ലാഭവിഹിതവും ഇതിലേയ്ക്കായി സംഘങ്ങൾ നൽകിയത് പദ്ധതി നിർവ്വഹണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം ഇനിയും തുക നൽകാത്ത സംഘങ്ങൾ പൊതുയോഗം ചേർന്ന് ലാഭവിഹിതത്തിൽ നിന്നും ഡിവിഡന്റ് ഈ ഫണ്ടിലേയ്ക്ക് സംഭാവനയായി നൽകി വരുന്നു. കൂടാതെ സഹകാരികൾ സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, സഹകരണ സംഘം ജീവനക്കാർ, സുമനസ്സുകളായ വ്യക്തികൾ തുടങ്ങിയവരുടെ കായിക അദ്ധ്വാനവും, സാമ്പത്തിക സഹായവും പദ്ധതിയുടെ നിർവ്വഹണത്തിനായി ലഭിച്ചിട്ടുണ്ട്. |
| ബി) | സഹകരണ മേഖലയിലെ എത്ര എ ക്ലാസ് | ബി) | സഹകരണ മേഖലയിലെ 606 'എ' ക്ലാസ്സ് ബാങ്കുകൾ ഈ യജ്ഞത്തിൽ പങ്കാളികളായി. ഇതിൽ പങ്കാളികളാകാത്ത ബാങ്കുകളുടെ ജില്ല |

| | | | |
|---|---|---|---|
| | ബാങ്കുകൾ ഈ യജ്ഞത്തിൽ പങ്കാളികളായി; ഇതിൽ പങ്കാളികളാകാത്ത എ ക്ലാസ് ബാങ്കുകളുടെ പട്ടിക ലഭ്യമാക്കാമോ? | | തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:<br>__ആലപ്പുഴ__<br>1. ചേർത്തല ഗവൺമെന്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്<br>2. ആലപ്പുഴ ജില്ലാ പോലീസ് എംപ്ലോയീസ് സഹകരണ സംഘം<br>__പത്തനംതിട്ട__<br>1. പഴവങ്ങാടിക്കര സർവ്വീസ് സഹകരണ ബാങ്ക്<br>2. എഴുമറ്റൂർ സർവ്വീസ് സഹകരണ ബാങ്ക്<br>3. ഉമ്പമൺതാഴം സർവ്വീസ് സഹകരണ ബാങ്ക്<br>വയനാട്<br>1. സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണ ബാങ്ക്<br>2. സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണ അർബൻ ബാങ്ക്<br>__കണ്ണൂർ__<br>1. മുല്ലക്കൊടി സഹകരണ റൂറൽ ബാങ്ക്<br>മറ്റു ജില്ലകളിൽ സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ 'എ' ക്ലാസ്സ് ബാങ്കുകളും പദ്ധതിയിൽ പങ്കാളികളായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ